# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 794 29.09.2016-ലെ മറുപടിക്ക്

### എച്ച്.എസ്.എസ്.റ്റി കോമേഴ്സ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എച്ച്.എസ്.എസ്.റ്റി കോമേഴ്സ് സീനിയർ/ജൂനിയർ-ന്റെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ട്; ഇതിൽ എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവെച്ച ഒഴിവുകൾ ഒഴികെ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വിശദീകരിക്കുമോ; | (എ) | കൊമേഴ്സ് സീനിയർ തസ്തികയിൽ 7 ഉം ജൂനിയർ തസ്തികയിൽ 26 ഉം ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ ജൂനിയർ തസ്തികയിൽ 10 ഒഴിവുകളും സീനിയർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയറിന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനായി മാറ്റി വച്ചിട്ടുണ്ട്; | (ബി) | 16 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്. |
| (സി) | എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ; | (സി) | എച്ച്.എസ്.എസ്.ടി കൊമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിലില്ല. |
| (ഡി) | പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രൊമോഷന് വേണ്ടി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആയത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുമോ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനായി നീക്കിവച്ച ഒഴിവുകൾ പി.എസ്.സി.ക്കു നൽകുമോ; | (ഡി) | യോഗ്യരായ ജൂനിയർ അദ്ധ്യാപകർ തസ്തികമാറ്റ നിയമനത്തിനായി നിലവിലുള്ളപ്പോൾ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. |
| (ഇ) | എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്; | (ഇ) | എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയില്ല. |

(എഫ്) 01.03.2015-ന ശേഷം എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയർ ആയി പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിച്ചവരിൽ എത്ര പേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്, വ്യക്തമാക്കാമോ; ഇതു വഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) 8 പേർ വിടുതൽ വാങ്ങിയിട്ടുണ്ട്. ഹയർ സെക്കന്ററി അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നത് നിയന്ത്രണാധികാരിയായ പ്രിൻസിപ്പാളാണ്. പ്രിൻസിപ്പാൾ വിടുതൽ ചെയ്ത വിവരം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് പി.എസ്.സിയ്ക്ക് ചട്ടപ്രകാരം റിപ്പോർട്ട് ചെയ്യുന്നതാണ്.

(ജി) എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയർ ആയി പി.എസ്.സി. വഴി നിയമനം ലഭിച്ചശേഷം ജോലിയിൽ നിന്നും റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്യുന്നതു വഴി ഉണ്ടാകുന്ന ഒഴിവുകളുടെ 25% പ്രൊമോഷനു വേണ്ടി മാറ്റിവെയ്ക്കുമോ; ഒരിക്കൽ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇത്തരത്തിൽ പ്രൊമോഷനു വേണ്ടി മാറ്റി വെയ്ക്കാൻ സാധിയ്ക്കുമോ; എങ്കിൽ ഏത് റൂൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ?

(ജി) 16.04.2001-ലെ ജി.ഒ(പി) 144/2001/പൊവി നമ്പർ സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയർ മൊത്തം തസ്തികകളുടെ 25% തസ്തികമാറ്റം വഴിയും 75% നേരിട്ടുള്ള നിയമനം വഴിയും നടത്തേണ്ടതാണ്. ഒരിക്കൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ.